"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസം - ഇടുക്കി ജില്ല - തൊടുപുഴ സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്കൂളിലെ അധ്യാപിക ശ്രീമതി. നൈസിൽ പോളും മറ്റുള്ള 5 പേരും ചേർന്ന് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള 34250/2025 -ാം നമ്പർ റിട്ട് ഹർജിയിന്മേലുള്ള 25.9.2025 ലെ വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എൽ) വകുപ്പ്**

സ.ഉ.(സാധാ) നം.2922/2026/GEDN തീയതി,തിരുവനന്തപുരം, 27-04-2026

---

പരാമർശം:-

1. ഇടുക്കി ജില്ലയിലെ തൊടുപുഴ സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്കൂളിലെ അധ്യാപിക ശ്രീമതി. നൈസിൽ പോളും മറ്റ് 5 പേരും ചേർന്ന് സമർപ്പിച്ച 18/9/2025 ലെ എക്സിബിറ്റ് പി 17 നിവേദനം.
2. ഇടുക്കി ജില്ലയിലെ തൊടുപുഴ സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്ക്കൂളിലെ അധ്യാപിക ശ്രീമതി. നൈസിൽ പോളും മറ്റ് 5 പേരും ചേർന്ന് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള 34250/2025 -ാം നമ്പർ റിട്ട് ഹർജിയിന്മേലുള്ള 25.9.2025 ലെ വിധിന്യായം.
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 24/9/2025 ലെ ജി3/19544/25/ഡിജിഇ നമ്പർ കത്ത്.
4. ജി.ഓ (എം എസ്) നം. 31/2026/ജി.ഇഡിഎൻ തീയതി 18/2/2026.

**<u>ഉത്തരവ്</u>**

ഇടുക്കി ജില്ലയിൽ തൊടുപുഴ ജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ പരിധിയിൽ വരുന്ന തൊടുപുഴ സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്കൂളിലെ അധ്യാപിക ശ്രീമതി. നൈസിൽ പോളും മറ്റ് 5 പേരും ചേർന്ന് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത 34250/2025 നമ്പർ റിട്ട് ഹർജിയിന്മേലുള്ള 25.9.2025 ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ചുമതലപ്പെടുത്തിയത് പ്രകാരം ഹർജിക്കാരെയും മറ്റ് ബന്ധപ്പെട്ട കക്ഷികളേയും 15/12/2025 ന് കേൾക്കുകയുണ്ടായി.

**<u>(2) ഹർജിക്കാരുടെ വാദങ്ങൾ:-</u>**

ഈ വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള സ്കൂളുകളിൽ സ്ഥിര നിയമനം നൽകിയിട്ടുള്ളവരാണ് താഴെ സൂചിപ്പിച്ചിരിക്കുന്ന ഹർജിക്കാർ:

| NAME | DESIGNATION | SCHOOL | APPO. DATE | APPROVAL STATUS |
|---|---|---|---|---|
| GEORGE JEDATHALA | UPST | KARIMANNOOR S J HS | 01-06-2022 | DAILY WAGE |
| NYCIL PAUL | HST ENGLISH | THODUPUZHA SS HS | 10-07-2023 | DAILY WAGE |
| JINU BRIGIT CATHERIN | HST ENGLISH | KALIYAR SM HS | 10-07-2023 | DAILY WAGE |
| NEETHA K THOMAS | HST SS | KARIMANNOOR SJ HS | 10-07-2023 | DAILY WAGE |
| SANI SEBASTIAN | HST ENGLISH | MUTHALAKODAM SH GHS | 10-07-2023 | DAILY WAGE |
| SHARON VARGHESE | HST HINDI | KARIMANNOOR SJHS | 10-06-2024 | DAILY WAGE |

ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട് ദിവസ വേതനാടിസ്ഥാനത്തിൽ അംഗീകാരം ലഭിച്ചിരിക്കുന്ന ഇവരുടെ അംഗീകാരം ശമ്പള സ്കെയിലിൽ റെഗുലറൈസ് ചെയ്ത് ലഭിക്കുന്നതിനുവേണ്ടിയാണ് ബഹു. ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിച്ചത്. ഇതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന വസ്തുതകൾ ശ്രദ്ധയിൽപ്പെടുത്തുന്നു.

**1.** ഈ വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള സ്കൂളുകളിൽ കാറ്റഗറി **02** വിഭാഗത്തിൽ **01/06/2024** വരെ നടത്തിയിട്ടുള്ള നിയമനങ്ങൾക്ക് ആനുപാതികമായി ഭിന്നശേഷി സംവരണം പൂർത്തിയാക്കിയിട്ടുള്ളതും ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ റോസ്റ്റർ ഡേറ്റ പരിശോധന പൂർത്തിയാക്കി കൺഫേം ചെയ്തിട്ടുള്ളതുമാണ്.

തുടർന്ന് **2024-25** അധ്യയന വർഷം നടത്തിയ നിയമനങ്ങൾ റോസ്റ്ററിൽ അപ്ഡേറ്റ് ചെയ്തപ്പോഴാണ് ഈ വിഭാഗത്തിൽ **01** ഒഴിവു കൂടി ഭിന്നശേഷി ഉദ്യോഗാർത്ഥികൾക്കായി മാറ്റിവയ്ക്കേണ്ടതായി വന്നത്. പ്രസ്തുത ഒഴിവ് നികത്തുന്നതിനായി ഊന്നുകൽ ലിറ്റിൽ ഫ്ലവർ ഹൈസ്കൂളിലെ എച്ച് എസ് റ്റി ഹിന്ദി തസ്തിക മാറ്റി വെച്ചിട്ടുള്ളതും റിക്വിസിഷൻ ഫോം സമർപ്പിച്ചതും നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭിച്ചതും പത്രപരസ്യം നൽകിയിട്ടുള്ളതുമാണ്. എന്നിട്ടും ഉദ്യോഗാർത്ഥിയെ ലഭിക്കാത്തതിനാൽ സർക്കാർ നിർദ്ദേശപ്രകാരം ഈ ഒഴിവ് ഇപ്പോൾ സമന്വയ പോർട്ടലിൽ റിപ്പോർട്ട് ചെയ്യുകയും കോതമംഗലം ജില്ല വിദ്യാഭ്യാസ ഓഫീസർ പരിശോധിച്ച് കൺഫേം ചെയ്യുകയും ചെയ്തിട്ടുണ്ട്.

**2.** അതുപോലെ കാറ്റഗറി **01-** ൽ **01/06/2024** വരെ നടത്തിയിട്ടുള്ള നിയമനങ്ങൾക്ക് ആനുപാതികമായി ഭിന്നശേഷി സംവരണം പൂർത്തിയാക്കുവാനായിട്ട് **16** ഒഴിവുകളാണ് ഉണ്ടായിരുന്നത്. അവ ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്.

പിന്നീട് മാനേജർമാർ നടത്തുന്ന ഓരോ റെഗുലർ നിയമനവും റോസ്റ്ററിൽ അപ്ഡേറ്റ് ചെയ്യണം എന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ **2024-25** വർഷത്തെ നിയമനങ്ങൾ രേഖപ്പെടുത്തിയപ്പോൾ അധികമായി **03** ഒഴിവുകൾ കൂടി മാറ്റിവയ്ക്കേണ്ടി വരികയും ആകെ എണ്ണം **19** ആകുകയും ചെയ്തു . **2024-25** അധ്യയന വർഷം അവസാനം വരെയുള്ള എല്ലാ സ്കൂളുകളുടെയും റോസ്റ്റർ ഡാറ്റ വിദ്യാഭ്യാസ ഓഫീസർമാർ പരിശോധിച്ചു കൺഫേം ചെയ്തിട്ടുള്ളതുമാണ്.

തുടർന്ന് **2025-26** വർഷത്തെ നിയമനങ്ങൾക്ക് ആനുപാതികമായി നൽകേണ്ടി വന്ന **02** ഒഴിവുകൾ കൂടി രേഖപ്പെടുത്തിയപ്പോൾ ആകെ നിയമിക്കേണ്ട ഭിന്നശേഷി ഉദ്യോഗാർഥികളുടെ എണ്ണം **21** ആയി വർധിച്ചു . ഇപ്പോൾ ആകെ **05** നിയമനങ്ങൾ മാത്രമാണ് ഈ വിഭാഗത്തിൽ നികത്തുവാനുള്ളു. ഈ **05** ഒഴിവുകളിൽ **03** എണ്ണത്തിലും ഉദ്യോഗാർത്ഥികളെ ആവശ്യപ്പെട്ടുകൊണ്ട് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ റിക്വിസിഷൻ ഫോം സമർപ്പിച്ചതും നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭിച്ചതും പത്ര പരസ്യം നൽകിയതുമാണ്.

കൂടാതെ ഈ **03** എണ്ണത്തിൽ **02** ഒഴിവുകൾ **09/09/2022** മുതൽ റിപ്പോർട്ട് ചെയ്തിട്ടുള്ളതും **03** റിക്രൂട്ട്മെന്റ് വർഷം പൂർത്തീകരിച്ചിട്ടുള്ളതുമാണ്. ഇപ്രകാരം **03** റിക്രൂട്ട്മെന്റ് വർഷം മാറ്റിവെച്ച ഒഴിവുകൾ നികത്താനായില്ലെങ്കിൽ അവ സർക്കാരിന്റെ അനുവാദത്തോടെ പൊതു കാറ്റഗറിയിൽ ഉൾപ്പെടുത്തി

നികത്താമെന്ന് RPWD ACT 2016 സെക്ഷൻ 34(02)) ൽ വ്യക്തമാക്കിയിട്ടുണ്ട്.

3. ഇപ്പോൾ ഈ 03 ഒഴിവുകളും 2025-26 വർഷം അധികമായി നൽകേണ്ടി വരുന്ന 02 എണ്ണവും കൂടി ഇനിയും നികത്താനുള്ള 05 ഒഴിവുകൾ സമന്വയയിൽ റിപ്പോർട്ട് ചെയ്യുകയും വിദ്യാഭ്യാസ ഓഫീസർ പരിശോധിച്ച് ഒഴിവുകൾ വ്യവസ്ഥാപിതമാണെന്ന് സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

4. ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട് നാളിതുവരെ സർക്കാരും വിദ്യാഭ്യാസ വകുപ്പും നൽകിയിട്ടുള്ള എല്ലാ നിർദ്ദേശങ്ങളും ഈ വിദ്യാഭ്യാസ ഏജൻസി കൃത്യമായി പാലിച്ചിട്ടുണ്ട്. 1996 മുതൽ നടത്തിയിട്ടുള്ള നിയമനങ്ങൾക്ക് ആനുപാതികമായി ഭിന്നശേഷി സംവരണം പൂർത്തീകരിക്കുവാൻ മാറ്റിവെക്കേണ്ട എല്ലാ ഒഴിവുകളും മാറ്റിവെക്കുകയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ലഭിച്ചിട്ടുള്ള ഉദ്യോഗാർത്ഥികളെ നിയമിക്കുകയും ഇനിയും അവശേഷിക്കുന്ന ഒഴിവുകൾ സമന്വയയിൽ റിപ്പോർട്ട് ചെയ്യുകയും ചെയ്തിട്ടുണ്ട്.

5. ബാക്ക് ലോഗ് പ്രകാരമുള്ള മുഴുവൻ സ്കൂളുകളുടെയും 01-06-2025 വരെയുള്ള റോസ്റ്റർ പരിശോധന പൂർത്തീകരിച്ച് വിദ്യാഭ്യാസ ഓഫീസർ അവ കൺഫേം ചെയ്തു നൽകിയിട്ടുണ്ട്.

6. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 19/10/2025 ലെ DGE/13618/2025-H2-PART(1) നമ്പർ സർക്കുലർ പ്രകാരം ഭിന്നശേഷി സംവരണം നടപ്പിൽ വരുത്തുന്നതിനായി ബഹുമാനപ്പെട്ട സുപ്രീംക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ രൂപീകരിച്ചിരിക്കുന്ന ജില്ലാതല സമിതികൾക്ക് കൊടുത്തിരിക്കുന്ന നിർദ്ദേശത്തിൽ സൂചിപ്പിച്ചിരിക്കുന്നത് 14/11/2025 നകം ജില്ലാ സമിതി അന്തിമ യോഗം കൂടി തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും സമന്വയ മുഖേന നിയമന ശുപാർശ നൽകണമെന്നാണ്. എന്നാൽ നാളിതുവരെയായിട്ടും അപ്രകാരം ഒരു നിയമന ശുപാർശ ഏതെങ്കിലും മാനേജ്മെന്റിന് നൽകിയതായി അറിവില്ല. ഇത് സൂചിപ്പിക്കുന്നത് സമയബന്ധിതമായി ഭിന്നശേഷിക്കാരെ തരുവാൻ സർക്കാരിന് സാധിക്കുന്നില്ല എന്നുള്ളതും ആവശ്യത്തിന് ആളുകൾ ഇല്ലായെന്നുള്ളതുമാണ്.

7. സമന്വയ പോർട്ടലിൽ റിപ്പോർട്ട് ചെയ്തിട്ടുള്ള ഒഴിവുകളും ഉദ്യോഗാർത്ഥികളുടെ ലിസ്റ്റും പരിശോധിക്കുമ്പോൾ ഒഴിവിന് ആനുപാതികമായിട്ട് ഉദ്യോഗാർത്ഥികൾ ഇല്ലായെന്നുള്ളത് വളരെ വ്യക്തമാണ്. ഇപ്രകാരം റിപ്പോർട്ട് ചെയ്തിട്ടുള്ളവരുടെ വിശദാംശങ്ങൾ (05/12/2025 പ്രകാരം) ജില്ല തിരിച്ച് സമർപ്പിട്ടുണ്ട്.

8. കാറ്റഗറി 02 വിഭാഗത്തിൽ വിഷയാടിസ്ഥാനത്തിൽ ഉദ്യോഗാർത്ഥികളെ ആവശ്യപ്പെടുന്നതിനാൽ പലപ്പോഴും ആവശ്യപ്പെടുന്ന വിഷയത്തിൽ ആളുകൾ ഇല്ലായെന്നുള്ളതും പ്രത്യേകം എടുത്തു പറയേണ്ട കാര്യമാണ്.

9. ഓരോ വർഷവും പുതിയ നിയമനങ്ങൾ നടത്തുമ്പോൾ ഭിന്നശേഷിക്കാർക്കായി

മാറ്റിവയ്ക്കേണ്ട ഒഴിവുകളുടെ എണ്ണം കൂടിക്കൂടി വരുന്നു. അതിനാൽ ഭിന്നശേഷി സംവരണം പൂർത്തീകരിച്ചിട്ട് ബാക്കി നിയമനങ്ങൾ അംഗീകരിക്കാം എന്നത് ഒരിക്കലും നടക്കുന്ന കാര്യമല്ല.

**10.** ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട എല്ലാ മാനദണ്ഡങ്ങളും ഈ മാനേജ്മെന്റ് കൃത്യമായി പാലിച്ചിട്ടുണ്ട് എന്നുള്ള കാര്യം വീണ്ടും പ്രത്യേകം ശ്രദ്ധയിൽപ്പെടുത്തുന്നു. സംസ്ഥാനതലത്തിൽ പത്ര പരസ്യം നൽകിയിട്ടും യോഗ്യരായ ഭിന്നശേഷി ഉദ്യോഗാർത്ഥികളെ ലഭിക്കുന്നില്ല എന്ന യാഥാർത്ഥ്യം മനസ്സിലാക്കേണ്ടതാണ്. അതുപോലെ സമന്വയ പോർട്ടലിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടും സംസ്ഥാന/ജില്ലാ സമിതികളെ രൂപീകരിച്ചിട്ടും നിർദ്ദേശങ്ങൾ ഒന്നിന് പുറകെ ഒന്നായി നൽകിയിട്ടും സർക്കാരിനും വകുപ്പിനും ഒഴിവുകൾ നികത്തുവാൻ സാധിക്കുന്നില്ല എന്നതും ഉൾക്കൊള്ളേണ്ട യാഥാർത്ഥ്യങ്ങളാണ്. ഇതെല്ലാം സൂചിപ്പിക്കുന്നത് യോഗ്യരായ ഉദ്യോഗാർത്ഥികൾ ഇല്ലായെന്നുള്ളത് തന്നെയാണല്ലോ.

ഈ സാഹചര്യത്തിൽ കോതമംഗലം രൂപത വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള സ്കൂളുകളിൽ **01/06/2024** പ്രാബല്യത്തിൽ കാറ്റഗറി **01,** കാറ്റഗറി **02** വിഭാഗങ്ങളിൽ നടത്തിയിട്ടുള്ള നിയമനങ്ങൾക്ക് ആനുപാതികമായി ഭിന്നശേഷി സംവരണം പൂർത്തീകരിച്ചിട്ടുള്ളതാണെന്നും സമയബന്ധിതമായി ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ റോസ്റ്റർ ഡേറ്റ പരിശോധിച്ച് കൺഫേം ചെയ്യാത്തതിനാൽ മാത്രമാണ് ശ്രീമതി നൈസിൽ പോൾ, ശ്രീമതി. ജിനു ബ്രിജിത് കാതറിൻ, ശ്രീമതി. നീത കെ തോമസ്, ശ്രീമതി. സാനി സെബാസ്റ്റ്യൻ എന്നിവരുടെ നിയമനങ്ങൾ ദിവസവേതനാടിസ്ഥാനത്തിൽ അംഗീകരിച്ച് നൽകിയത് എന്ന കാര്യവും പ്രത്യേകം ശ്രദ്ധയിൽപ്പെടുത്തുന്നു. ഇക്കാര്യങ്ങളെല്ലാം ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസറന്മാർക്ക് അറിവുള്ളതുമാണ്.

ആയതിനാൽ മേൽ സൂചിപ്പിച്ചിട്ടുള്ള യാഥാർത്ഥ്യങ്ങൾ പരിഗണിച്ചും മേൽ ഹർജിക്കാരുടെ എച്ച് എസ് റ്റി വിഭാഗത്തിലുള്ള നിയമനം **10/07/2023** ലും ഫാ. ജോർജ് ജെ എടത്തല, യു പി എസ് റ്റി യുടെ നിയമനം **01/06/2022** ലുമാണെന്ന വസ്തുത കണക്കിലെടുത്തും ഇവരുടെ ദിവസ വേതനാടിസ്ഥാനത്തിലുള്ള നിയമനാംഗീകാരങ്ങൾ ശമ്പള സ്കെയിലിൽ റെഗുലറൈസ് ചെയ്ത് നൽകണമെന്നഭ്യർത്ഥിക്കുന്നു.

എൻ എസ് എസ് മാനേജ്മെന്റിന് അനുകൂലമായി ബഹു. സുപ്രീംകോടതി നൽകിയിട്ടുള്ള ഉത്തരവ് പ്രകാരമുള്ള സാഹചര്യം ഈ മാനേജ്മെന്റിനുമുള്ളതിനാൽ, ആ ഉത്തരവ് ഞങ്ങൾക്കും ബാധകമാക്കുവാൻ ബഹു. ഹൈക്കോടതിയെ സമീപിക്കുകയും ബഹുമാനപ്പെട്ട കോടതി അത് പരിഗണിക്കുവാൻ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുള്ളതാണ് .അതിനാൽ ബഹു.സുപ്രീം കോടതി എൻ എസ് എസ് മാനേജ്മെന്റിന് നൽകിയ വിധിയുടെയും

17/03/2025 ലെ 43/2025/പൊ.വി.വ. നമ്പർ ഗവൺമെന്റ് ഉത്തരവിന്റെയും അടിസ്ഥാനത്തിൽ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട കോതമംഗലം രൂപത വിദ്യാഭ്യാസ ഏജൻസിയുടെ കീഴിൽ ഇനിയും അംഗീകാരം ലഭിക്കുവാനുള്ള നിയമനങ്ങൾ ഭിന്നശേഷി സംവരണം പൂർത്തീകരിക്കുവാനായി വ്യവസ്ഥാപിത ഒഴിവുകൾ മാറ്റിവെച്ചിട്ടുണ്ടെന്ന വസ്തുത കണക്കിലെടുത്തും കാറ്റഗറി 01, 02 വിഭാഗങ്ങളിൽ 01/06/2024 വരെയുള്ള നിയമനങ്ങൾക്ക് ആനുപാതികമായി ഭിന്നശേഷി സംവരണം പൂർത്തീകരിച്ചിട്ടുണ്ടെന്നും കാറ്റഗറി 03 ൽ മുഴുവൻ ഭിന്നശേഷി സംവരണവും പൂർത്തീകരിച്ചിട്ടുണ്ടെന്നുമുള്ള കാര്യങ്ങൾ പരിഗണിച്ചും റെഗുലർ ശമ്പള സ്കെയിലിൽ അംഗീകരിച്ച് നൽകണമെന്നുകൂടി അഭ്യർത്ഥിക്കുന്നു.

**(3) മേൽ വസ്തുതകൾ, ഹിയറിംഗ് സമയത്തെ വാദങ്ങൾ, ഹാജരാക്കപ്പെട്ട രേഖകൾ, ലഭ്യമായ റിപ്പോർട്ടുകൾ, ബന്ധപ്പെട്ട ചട്ടങ്ങൾ/ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ പരിശോധിച്ചു.**

ഇടുക്കി ജില്ലയിൽ കോതമംഗലം കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസിയുടെ ഉടമസ്ഥതയിലുള്ള തൊടുപുഴ സെന്റ് സെബാസ്റ്റ്യൻസ് എച്ച് എസ് ലെ അധ്യാപകരായ ശ്രീമതി. നൈസിൽ പോൾ, ശ്രീ ജോർജ്ജ് ജെ എടത്തല, ഷാരോൺ വർഗ്ഗീസ്, ജിനു ബ്രിജിറ്റ് കാതറീൻ, നീത തോമസ്, സാനി സെബാസ്റ്റ്യൻ എന്നിവരുടെ നിയമനങ്ങൾ ഭിന്നശേഷി സംവരണം പൂർത്തിയാക്കുവാനായി വ്യവസ്ഥാപിത ഒഴിവുകൾ മാറ്റിവെച്ചിട്ടുണ്ടെന്ന വസ്തുത കണക്കിലെടുത്ത്, കാറ്റഗറി 01, 02 വിഭാഗങ്ങളിൽ 1/6/2024 വരെയുള്ള നിയമനങ്ങൾക്ക് ആനുപാതികമായി ഭിന്നശേഷി സംവരണം പൂർത്തീകരിച്ചിട്ടുണ്ടെന്നും കാറ്റഗറി 03 ൽ ഭിന്നശേഷി സംവരണം പൂർത്തീകരിച്ചിട്ടുമുണ്ടെന്നുള്ള വസ്തുതകൾ കണക്കിലെടുത്ത് മേൽ അധ്യാപകരുടെ നിയമനങ്ങൾ റഗുലർ ശമ്പളസ്കെയിലിൽ അംഗീകരിച്ചു നൽ കണമെന്നതാണ് Ext P 17 റിവിഷൻ ഹർജിയിലെ ആവശ്യം പ്രസ്തുത റിവിഷൻ ഹർജി Ext. P 15 ബഹു. സുപ്രീം കോടതി വിധിന്യായത്തിന്റെയും Ext. P 16 സർക്കാർ ഉത്തരവിന്റെയും അടിസ്ഥാനത്തിൽ പരിശോധിച്ച് തീർപ്പാക്കുന്നതിനാണ് ബഹു. കോടതി നിർദ്ദേശിച്ചിട്ടുള്ളത്.

ഭിന്നശേഷി സംവരണം സംബന്ധിച്ച് 01/11/2023 ലെ ജെആർ1/502/2023/പൊ.വി.വ നമ്പർ കത്ത് പ്രകാരം 18/11/2018 മുതൽ 08/11/2021 വരെയുള്ള ഒഴിവുകളിൽ നിയമിക്കപ്പെട്ടവർക്ക് താത്കാലികമായി ശമ്പളസ്കെയിലിലും 08/11/2021 ന് ശേഷം നിയമിക്കപ്പെട്ടവർക്ക് ദിവസവേതനാടിസ്ഥാനത്തിലും ടി വിഷയം സംബന്ധിച്ച കോടതി ഉത്തരവുകൾക്ക് വിധേയമായി മറ്റുവിധത്തിൽ ക്രമപ്രകാരമെങ്കിൽ അംഗീകാരം നൽകണമെന്ന് ഉത്തരവായിട്ടുണ്ട്. ഹർജിക്കാരായ അധ്യാപകരുടെ നിയമനങ്ങൾ 08/11/2021 തീയതിക്ക് ശേഷമാണ് നടത്തിയിരിക്കുന്നത്. ആയതിനാലാണ് പ്രസ്തുത അധ്യാപകരുടെ നിയമനങ്ങൾ ദിവസ വേതനാടിസ്ഥാനത്തിൽ അംഗീകരിച്ചു

നൽകിയിട്ടുള്ളത്. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 16.5.2023 ലെ സർക്കുലർ നം. എച്ച് 2/ 295299/ 2021/DGE പ്രകാരം, ഭിന്നശേഷി സംവരണം പാലിക്കപ്പെട്ട മാനേജ്മെന്റുകളിലെ അതാത് കാറ്റഗറികളിലെ നിയമനങ്ങൾ റോസ്റ്റർ പരിശോധന പൂർത്തീകരിച്ച്, ഭിന്നശേഷി നിയമനങ്ങൾ പൂർത്തീകരിക്കുന്ന മുറക്ക് മാത്രമേ റഗുലർ സ്കെയിലിൽ അംഗീകാരത്തിന് പരിഗണിക്കേണ്ടതുള്ളൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. കോതമംഗലം രൂപത കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള എല്ലാ സ്കൂളുകളിലെയും റോസ്റ്റർ പരിശോധന പൂർത്തിയാക്കിയിട്ടുണ്ട്. RPWD റോസ്റ്റർ ഡേറ്റ കളക്ഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കാറ്റഗറി II (HST) വിഭാഗത്തിൽ ഭിന്നശേഷി സംവരണം പൂർത്തിയാക്കേണ്ടതിന് 4 ഭിന്നശേഷി നിയമനങ്ങൾ നടത്തേണ്ടതായുണ്ട്. എന്നാൽ 3 നിയമനങ്ങൾ മാത്രമാണ് നടത്തിയിട്ടുള്ളത്.

(4) സംസ്ഥാനത്തെ എയ്ഡഡ് സ്ക്കൂളുകളിൽ ഭിന്നശേഷി നിയമനത്തിനായി വ്യവസ്ഥാപിതമായ തസ്തികകൾ മാറ്റിവച്ചിട്ടുള്ള മാനേജുമെന്റുകളിൽ, ഭിന്നശേഷി സംവരണ നിയമത്തിന് വിധേയമായി താൽക്കാലികമായി (പ്രൊവിഷണലായി ശമ്പള സ്കെയിലിൽ /ദിവസവേതനം) ജോലി ചെയ്യുന്ന ജീവനക്കാരെ, ശമ്പള സ്ക്കെയിലിൽ ക്രമീകരിക്കുന്നതിന് നിർദ്ദേശം നൽകി കൊണ്ട് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവാണ് 18.02.2026 ലെ സ.ഉ.(കൈ)നം.31/2026/പൊവിവ. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ മേൽ വിഷയം പരിശോധിച്ച് തീരുമാനമെടുക്കുന്നതിന് തൊടുപുഴ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി കൊണ്ട്, തൊടുപുഴ സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്കൂളിലെ അധ്യാപകരായ ശ്രീമതി. നൈസിൽ പോളും മറ്റ് 5 പേരും ചേർന്ന് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത 34250/2025 നമ്പർ റിട്ട് ഹർ ജിയിന്മേലുള്ള 25.9.2025 ലെ വിധിന്യായം നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**SWAPNA P**

ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, ഇടുക്കി, തൊടുപുഴ പി ഓ
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, തൊടുപുഴ
കോർപ്പറേറ്റ് മാനേജർ, കോതമംഗലം രൂപതാ എഡ്യൂക്കേഷണൽ ഏജൻസി, കോതമംഗലം പി ഓ - 686691
ശ്രീമതി. നൈസിൽ പോൾ, എച് എസ് ടി (ഇംഗ്ലീഷ്), സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്കൂൾ, തൊടുപുഴ, ഇടുക്കി ജില്ല
ശ്രീമതി. ജിനു ബ്രിജിത്ത് കാതറിൻ, എച് എസ് ടി (ഇംഗ്ലീഷ്), സെന്റ് മേരീസ് ഹയർ സെക്കന്ററി സ്ക്കൂൾ, കാളിയാർ , ഇടുക്കി ജില്ല

ശ്രീമതി. നീത കെ തോമസ്, എച് എസ് ടി (എസ് എസ്), സെന്റ് ജോസഫ്സ് ഹയർ സെക്കന്ററി സ്ക്കൂൾ, കരിമണ്ണൂർ , ഇടുക്കി ജില്ല
ശ്രീമതി. ഷാരോൺ വർഗ്ഗീസ്, എച് എസ് ടി (ഹിന്ദി), സെന്റ് ജോസഫ്സ് ഹയർ സെക്കന്ററി സ്ക്കൂൾ, കരിമണ്ണൂർ , ഇടുക്കി ജില്ല
ശ്രീമതി. സാനി സെബാസ്റ്റ്യൻ, എച് എസ് ടി (ഇംഗ്ലീഷ്), സേക്രട്ട് ഹാർട്ട് ഗേൾസ് ഹൈസ്കൂൾ, മുതലക്കോടം , ഇടുക്കി ജില്ല
ശ്രീ. ജോർജ്ജ് ജെ എടത്തല, യു പി എസ് ടി, സെൻ്റ് ജോർജ്ജ് എച് എസ്, ഉടുമ്പന്നൂർ, ഇടുക്കി ജില്ല
ഇൻഫർമേഷൻ & പബ്ലിക്ക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Asha Rani M
Date: 27-04-2026 15:38:48

സെക്ഷൻ ഓഫീസർ